# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 1532 — 03.05.2017 ൽ മറുപടിക്ക്

## അനുമതി ലഭിക്കാതെ മതസംഘടനകളുടെ പരിപാടികളിൽ പങ്കെടുത്ത ഡി.ജി.പി./എ.ഡി.ജി.പിമാർ

**ചോദ്യം:**

**ശ്രീ. സി.മമ്മൂട്ടി**

**(എ)** ഈ ഗവ. അധികാരത്തിൽ വന്നത് മുതൽ സംസ്ഥാനത്തെ ഡി.ജി.പിമാരും എ.ഡി.ജി.പി മാരും പൊതുവേദിയിൽ പങ്കെടുത്ത സർക്കാരിതര പരിപാടികൾ ഏതൊക്കെയാണ്; ആയതിന്റെ എണ്ണവും പരിപാടിയും ഉൾപ്പെടെയുള്ള വിശദവിവരവും വെളിപ്പെടുത്തുമോ;

**(ബി)** സർക്കാരിന്റെ മുൻകൂർ അനുമതി ഇതിന് ആവശ്യമായിരുന്നോ; എങ്കിൽ ആരൊക്കെ അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു; ഈ അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകി; അനുമതി ലഭിച്ചവരുടെ വിശദവിവരം വെളിപ്പെടുത്തുമോ; ആരുടെയൊക്കെ അപേക്ഷ കൾക്ക് അനുമതി നിരസിച്ചു എന്ന് വ്യക്തമാക്കാമോ;

**(സി)** അനുമതി നൽകിയവയിൽ എത്രയെണ്ണം മതപരിപാടികളിൽ പങ്കെടുക്കാനുള്ളവയായിരുന്നു. അനുമതി ലഭിക്കാതെ എത്ര ആരാധനാലയ / മതസംഘടനകളുടെ പരിപാടികളിൽ ഡി.ജി.പി ഉൾപ്പെടെ പങ്കെടുത്തിരുന്നു.; വിശദവിവരം ലഭ്യമാക്കുമോ?

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ), (ബി) & (സി):** സംസ്ഥാനത്തെ മതസൗഹാർദ്ദം കാത്ത് സൂക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന മത സാംസ്കാരിക സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും പ്രത്യേക ക്ഷണിതാക്കളായി രാഷ്ട്രീയ നേതാക്കൾക്കും മറ്റ് സാംസ്കാരിക നേതാക്കൾക്കും ഒപ്പം ഡി.ജി.പി., എ.ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതുമൂലം പോലീസും, പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. ടി പരിപാടികളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ അവരുടെ മതേതര നിലപാടുകൾ ഹനിക്കുന്നതരത്തിൽ നാളിതുവരെ പെരുമാറിയിട്ടില്ല. ഇതിനു പുറമെ സംസ്ഥാന പോലീസിന്റെ പുതിയ പദ്ധതികൾ, ജനമൈത്രീ പോലീസിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവും പൊതു സുരക്ഷയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുന്നതിന് ഉപകാരപ്രദമായ സർക്കാരിതര വേദികളും മേൽ പറയുന്ന ഉദ്യോഗസ്ഥർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നത് ജനമൈത്രീ പോലീസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേക അനുമതിയുടെ ആവശ്യമില്ല. മേൽ പറയുന്ന പരിപാടികളിൽ പങ്കെടുക്കുന്നതിന്റെ വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിക്കാറില്ല. ആയതിനാൽ ഇത് സംബന്ധിച്ച് എണ്ണം ലഭ്യമല്ല.

Manoj M
**സെക്ഷൻ ഓഫീസർ**